## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2444** **27-02-2023 - ൽ മറുപടിയ്ക്ക്**

## ലോട്ടറി ഏജന്റ് മാരുടെ ടി.ഡി.എസ് കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി ഏജന്റുമാർ രണ്ടു വർഷം മുമ്പുള്ള ടി.ഡി.എസ്. കുടിശ്ശിക അടയ്ക്കണമെന്ന നിർദ്ദേശത്തിന്മേൽ ആദായ നികുതി വകുപ്പും ലോട്ടറി വകുപ്പും സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | കേന്ദ്ര ധന നിയമം വകുപ്പ് 206 C (1H) പ്രകാരം 1.10.2020 മുതൽ ഒരു സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയിൽ അധികരിക്കുന്ന വില്പനയ്ക്ക് വില്പനക്കാരൻ വാങ്ങുന്നയാളിൽ നിന്ന് 0.1% നിരക്കിൽ ടി.സി.എസ്. ഈടാക്കേണ്ടതുണ്ട് (31.03.2021 വരെ 0.075%). 2020-21 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം ടി.സി.എസ്. ഒടുക്കേണ്ട 1207 ഭാഗ്യക്കുറി ഏജന്റുമാർ ഉണ്ടെന്നാണ് ആദായ നികുതി വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. ടി തുക ഏജന്റുമാരിനിന്ന് ഈടാക്കുന്നതിനായി കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ മൊത്ത വിതരണക്കാരായ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് ആദായ നികുതി വകുപ്പ് നോട്ടീസ് നല്കുകയുണ്ടായി. തുടർന്ന് ടി തുക ഭാഗ്യക്കുറി ഏജന്റ് പോർട്ടൽ വഴി ഈടാക്കുന്നതിന് സർക്കാർ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി. ക്ഷേമനിധി ബോർഡ് ആദായ നികുതി വകുപ്പ് അധികാരികളുമായി നടത്തിയ ചർച്ചയിൽ ആദായ നികുതി ആക്റ്റ് പ്രകാരമുള്ള ഫോം 27BA യും അനുബന്ധ രേഖകളും ബന്ധപ്പെട്ട ഏജന്റുമാർക്ക് വേണ്ടി ക്ഷേമനിധി ബോർഡ് (deductor) സമർപ്പിക്കുകയാണെങ്കിൽ അർഹരായ ഏജന്റുമാർക്ക് നിയമപ്രകാരമുള്ള ഇളവുകൾ അനുവദിക്കുന്നതാണെന്ന് ആദായ നികുതി വകുപ്പ് അധികൃതർ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി.സി.എസ്. കുടിശ്ശിക ബാധകമായിട്ടുള്ള ഏജന്റ്മാർ പ്രസ്തുത വിശദാംശങ്ങൾ സമർപ്പിക്കുന്നതിനും സമർപ്പിക്കാൻ സാധിക്കാത്തവർ ഏജന്റ് പോർട്ടൽ മുഖേന കുടിശ്ശിക തുക ഒടുക്കുന്നതിനും നിർദേശം നൽകികൊണ്ട് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ